**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **27-02-2023 - ൽ മറുപടിയ്ക്ക്**

**ചെക്ക്പോസ്റ്റുകളിലെ എ.എൻ.പി.ആർ. ക്യാമറകൾ പ്രവർത്തനക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളിൽ പ്രവർത്തനരഹിതമായ എ.എൻ.പി.ആർ. ക്യാമറകൾ പ്രവർത്തനക്ഷമമാക്കാൻ തയ്യാറാകാത്തത് നികുതി മാഫിയയെ സഹായിക്കാനാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എ എൻ പി ആർ സ്ഥാപിച്ചിട്ടുള്ള 22 അതിർത്തി പ്രദേശങ്ങളിൽ വയനാട് മുത്തങ്ങയിൽ ഒഴികെ എല്ലായിടത്തും ക്യാമറ പ്രവർത്തിക്കുന്നുണ്ട്. വയനാട് ചുരം വഴി ഒരു വലിയ വാഹനം കടന്നു വന്നതിനെ തുടർന്നാണ് 27.12.22 മുതൽ മുത്തങ്ങയിലെ ക്യാമറ സംവിധാനം തകരാറിലായത്. ഇക്കാര്യം വളരെ ഗൗരവത്തോടെ കാണുകയും ഇത് പുനസ്ഥാപിക്കുന്നതിന് ഉള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ക്യാമറകൾ സ്ഥാപിക്കാനുണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കാമോ; | (ബി) | പ്രസ്തുത ക്യാമറകൾ സ്ഥാപിക്കാൻ ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ പ്രകാരം കരാർ ഏറ്റെടുത്തിരിക്കുന്ന കമ്പനി 8 ആഴ്ചയ്ക്കുള്ളിൽ പ്രസ്തുത ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കി അഞ്ചു വർഷം പരിപാലിച്ചുവരുന്നു.കരാറിലെ വ്യവസ്ഥകൾ പ്രകാരം ഈ സംവിധാനത്തിലൂടെ ചരക്ക് വാഹനങ്ങളെ AI മുഖേന തരംതിരിക്കുകയും വണ്ടിയുടെ നമ്പർ പ്ലേറ്റ് 90% കൃത്യതയോടെ (പ്രതികൂല കാലാവസ്ഥയിൽ 85 ശതമാനം) തിരിച്ചറിഞ്ഞ്, ജി എസ് ടി എൻ ഏർപ്പെടുത്തിയിട്ടുള്ള ഈവേ ബിൽ പോർട്ടൽ പരിശോധിച്ച്, ടി വാഹനം ആവശ്യമായ ഈവേ ബിൽ ചരക്ക് നീക്കത്തിന് ഉപയോഗിക്കുന്നത് ഉറപ്പുവരുത്തുന്നുണ്ട്. |
| (സി) | ക്യാമറകൾ പ്രവർത്തനരഹിതമായാൽ അവ സമയബന്ധിതമായി പ്രവർത്തനക്ഷമമാക്കാനുള്ള വ്യവസ്ഥ കരാറിലുണ്ടോ; | (സി) | പ്രവർത്തന രഹിതമായ ക്യാമറകൾ സമയബന്ധിതമായി നന്നാക്കുന്നതിനും ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള വ്യവസ്ഥകൾ കരാറിൽ ഉണ്ട്. |
| (ഡി) | എങ്കിൽ പ്രവർത്തനരഹിതമായ ക്യാമറകൾ പ്രവർത്തനക്ഷമമാക്കാത്തതിന്റെ കാരണം | (ഡി) | സ്ഥാപിക്കപ്പെട്ട എ എൻ പി ആർ ക്യാമറകളിൽ ഒരെണ്ണം ഒഴികെ മറ്റെല്ലാ ക്യാമറകളും |

| | | | |
|---|---|---|---|
| | വിശദമാക്കാമോ? | | പൂർണതോതിൽ പ്രവർത്തിച്ചു വരുന്നു. മുത്തങ്ങയിൽ സ്ഥാപിച്ചിരുന്ന ഒരു ക്യാമറയിൽ 27.12.2022ന് വയനാട് കളക്ടറുടെ അനുമതിയോടെ ചരക്ക് നീക്കം നടത്തിയ ഭീമാകാരമായ ഒരു ട്രക്ക് ഇടിച്ചു കേടുപാട് സംഭവിച്ചിട്ടുണ്ട്. ഇത് ഒരു അപകടം മൂലം സംഭവിച്ചതിനാൽ കരാർ വ്യവസ്ഥ പ്രകാരം നന്നാക്കുന്നതിന് സാധിക്കുകയില്ല. ആയതിനാൽ പ്രവർത്തനക്ഷമമാക്കുന്നതിന് വാഹന ഉടമയിൽനിന്ന് നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ക്യാമറ പുനഃസ്ഥാപിക്കുന്നതിനുള്ള work order നൽകിയിട്ടുമുണ്ട്. എത്രയും പെട്ടെന്ന് ഇത് പ്രവർത്തനക്ഷമമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ